**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :1947** **06/02/2019- ൽ മറുപടിക്ക്**

**ദുരിതാശ്വാസ നിധിയിൽ നിന്ന് അപകടമരണ ധനസഹായം**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| **ശ്രീ.പി.ടി.എ. റഹീം** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അപകടമരണം സംഭവിച്ചവരുടെ കുടുംബത്തിന് ധനസഹായമായി എത്ര രൂപ യാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) അപകടമരണത്തിന് ഇരയായവരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സാധാരണഗതിയിൽ ഒരു ലക്ഷം രൂപ ധനസഹായം നൽകിവരുന്നു. എന്നാൽ ചില പ്രത്യേക ദുരന്തപൂർണ്ണമായ സാഹചര്യങ്ങളിൽ കൂടുതൽ തുകയും നൽകി വരുന്നുണ്ട്. |
| (ബി) അപകടമരണ ധനസഹായം ലഭ്യമാക്കാൻ സമർപ്പിക്കുന്ന രേഖകൾക്കൊപ്പം റവന്യൂ വകുപ്പിൽ നിന്നും വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് മാത്രം മതിയെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇത് സംബന്ധിച്ച സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അപകടമരണത്തിനിരയാകുന്നവരുടെ ആശ്രിതർക്കുള്ള ധനസഹായത്തിനായി മുഖ്യമന്ത്രിക്ക് നേരിട്ട് സമർപ്പിക്കുന്ന അപേക്ഷകളോടൊപ്പം ആവശ്യമായ രേഖകളായ പോസ്റ്റ്മോർട്ടം റിപ്പോർട്ട്, എഫ്.ഐ.ആർ, മരണ സർട്ടിഫിക്കറ്റ്, റേഷൻകാർഡ് എന്നിവയുടെ പകർപ്പുകൾ, വരുമാന സർട്ടിഫിക്കറ്റ്, വില്ലേജ് ഒഫീസറുടെ സർട്ടിഫിക്കറ്റ് തുടങ്ങിയവ ഹാജരാക്കിയിട്ടുണ്ടെങ്കിൽ ജില്ലാ കലക്ടറുടെ ശുപാർശ വേണമെന്നുള്ള നിർദ്ദേശം പിൻവലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) അപകടമരണവുമായി ബന്ധപ്പെട്ട ധന സഹായത്തിനുള്ള അപേക്ഷ എം.എൽ.എ. മാർ മുഖേന നൽകുമ്പോൾ പോലും ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ട് നൽകാൻ വില്ലേജ് ഓഫീസർമാർ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുമോ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

Smitha. A.S.

സെക്ഷൻ ഓഫീസർ

അനുബന്ധം

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അപകട മരണത്തിനിടയാകുന്നവരുടെ ആശ്രിതർക്ക് ധനസഹായം അനുവദിക്കുന്നതിന് അപേക്ഷകർ ആവശ്യമായ അസ്സൽ രേഖകൾ ഹാജരാക്കിയിട്ടുണ്ടെങ്കിൽ, ജില്ലാ കളക്ടർമാരുടെ ശുപാർശ വേണമെന്നുള്ള നിർദ്ദേശത്തിൻ മേൽ മാറ്റം വരുത്തി ഉത്തരവു പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡിആർഎഫ് - എ) വകുപ്പ്

സ.ഉ.(കയ്യെഴുത്ത്) നം : 421/13/റവ. തിരുവനന്തപുരം, തീയതി, 30.09.2013

പരാമർശം - സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) 306/11/ റവ. തീയതി 12/08/2011

സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) 144/12/റവ. തീയതി 11/04/2012

**ഉത്തരവ്**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും, അപകടമരണത്തിനിരയാകുന്നവരുടെ ആശ്രിതർക്കുള്ള ധനസഹായത്തിനായി മുഖ്യമന്ത്രിക്ക് നേരിട്ട് സമർപ്പിക്കുന്ന അപേക്ഷകളോടൊപ്പം ആവശ്യമായ രേഖകളായ പോസ്റ്റുമോർട്ടം റിപ്പോർട്ട്, എഫ്.ഐ.ആർ, മരണസർട്ടിഫിക്കറ്റ്, റേഷൻകാർഡ് എന്നിവയുടെ പകർപ്പുകൾ, വരുമാന സർട്ടിഫിക്കറ്റ്, വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് തുടങ്ങിയവ ഹാജരാക്കിയിട്ടുണ്ടെങ്കിൽ, ജില്ലാ കളക്ടർമാരുടെ ശുപാർശ വേണമെന്നുള്ള നിർദ്ദേശം പിൻവലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ജി.കമലവർദ്ധന റാവു
ഗവൺമെന്റ് സെക്രട്ടറി

ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ് /റവന്യൂ. (ഡി.ആർ. എഫ്-ബി) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്: പൊതുഭരണ (എസ്.സി) വകുപ്പ്
(20.09.2013 ലെ മന്ത്രിസഭാ യോഗ തീരുമാനം ഇനം നം. 4230 പ്രകാരം)

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.